**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3027** **13-07-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി – പെരിങ്ങത്തൂർ - കൂത്തുപറമ്പ് – മട്ടന്നൂർ നിർദ്ദിഷ്ട എയർപോർട്ട് റോഡ്.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന കുറ്റ്യാടി – പെരിങ്ങത്തൂർ - കൂത്തുപറമ്പ് – മട്ടന്നൂർ നിർദ്ദിഷ്ട എയർപോർട്ട് റോഡിന്റെ നിലവിലെ സ്ഥിതിയും വികസന പുരോഗതിയും വ്യക്തമാക്കുമോ; | (എ) | കണ്ണൂർ ജില്ലയിലെ പെരിങ്ങത്തൂർ മുതൽ മട്ടന്നൂർ വരെയുള്ള 29.80 കി.മീ റോഡിന്റെ അന്തിമ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ കണ്ണൂർ ജില്ലയിൽ വരുന്ന ഭാഗത്തിന്റെ ഡി.പി.ആർ കിഫ്ബി നൽകിയ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി 24.05.2022-ന് കിഫ്ബിയിൽ സമർപ്പിച്ചു. **കുറ്റ്യാടി മുതൽ പെരിങ്ങത്തൂർ വരെയുള്ള കോഴിക്കോട് ജില്ലയിൽ ഉൾപ്പെടുന്ന 22.50 കി.മീ റോഡിന്റെ അന്തിമ അലൈൻമെന്റ് തയ്യാറാക്കിവരുന്നു.** |
| (ബി) | പ്രസ്തുത റോഡിന്റെ അലൈൻമെന്റ്, സർവ്വേ തുടങ്ങിയ ജോലികൾ ആരംഭിച്ച വർഷവും പൂർത്തിയായ വർഷവും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത റോഡിന്റെ അലൈൻമെന്റ്, സർവ്വേ നടപടികൾക്ക് 02.03.2019-ൽ എഗ്രിമെന്റ് വച്ച് സർവ്വെ നടപടികൾ ആരംഭിച്ചു. കണ്ണൂർ ജില്ലയിൽ വരുന്ന ഭാഗത്തിന്റെ സർവ്വേ നടപടികൾ പൂർത്തിയാക്കി അലൈൻമെന്റ് അംഗീകരിച്ച് ഡി.പി.ആർ തയ്യാറാക്കി അംഗീകാരത്തിനായി 24.05.2022-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ വരുന്ന റോഡിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ച തയ്യാറാക്കിയ ഡ്രാഫ്റ്റ് അലൈൻമെന്റ് പരിശോധിച്ചുവരുന്നു. |
| (സി) | പ്രസ്തുത റോഡിന്റെ ആദ്യത്തെ അലൈൻമെന്റിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; നിലവിലുള്ള അലൈൻമെന്റിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | കിഫ്ബി-യുടെ നിർദ്ദേശാനുസരണം പ്രസ്തുത റോഡിന്റെ കണ്ണൂർ ജില്ലയിൽ വരുന്ന ഭാഗത്തിന്റെ കിഫ്ബിയുടെ നിർദ്ദേശാനുസരണം പുതുക്കിയ ഡി.പി.ആർ-ലെ അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുള്ളതാണ്. ഇപ്രകാരം അംഗീകരിച്ച അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടില്ല. കോഴിക്കോട് ജില്ലയിൽ വരുന്ന റോഡിന്റെ ഡ്രാഫ്റ്റ് അലൈൻമെന്റ് പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത റോഡിന്റെ വീതിയും വരിയും സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; റോഡ് കടന്നുപോകുന്ന പ്രധാനപ്പെട്ട ടൗണുകളിലോ കവലകളിലോ മറ്റ് സ്ഥലങ്ങളിലോ അനുബന്ധ റോഡുകൾ വികസിപ്പിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ഡി) | 24മീറ്റർ വീതിയിൽ നാലുവരിപ്പാതയായാണ് നിർദ്ദിഷ്ട റോഡ് വിഭാവനം ചെയ്തിട്ടുള്ളത്. ടി റോഡ് കടന്നുപോകുന്ന പ്രധാന പട്ടണപ്രദേശങ്ങൾ, കവലകൾ തുടങ്ങിയവ വികസിപ്പിക്കുന്നതിനുള്ള വ്യവസ്ഥയും ഡി.പി.ആർ-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | റോഡിന്റെ അക്വിസിഷൻ നടപടികളുടെ പുരോഗതിയും നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാവുമെന്നും വ്യക്തമാക്കുമോ; | (ഇ) | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക ഉൾപ്പെടെയുള്ള പുതുക്കിയ ഡി.പി.ആർ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |
| (എഫ്) | പ്രസ്തുത റോഡ് വികസനത്തിന്റെ ഭാഗമായി സ്ഥലവും കെട്ടിടങ്ങളും നഷ്ടപ്പെടുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ; | (എഫ്) | എൽ.എ ആക്റ്റ് അനുസരിച്ചുള്ള നഷ്ടപരിഹാരമായിരിക്കും നൽകുക. |
| (ജി) | പ്രസ്തുത റോഡ് വികസനവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ; റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ? | (ജി) | അലൈൻമെന്റ് മാറ്റം ആവശ്യപ്പെട്ടുള്ള പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിലും അംഗീകരിച്ച അലൈൻമെന്റിൽ മാറ്റങ്ങൾ വരുത്താൻ നിർവ്വാഹമില്ല എന്ന് പരാതിക്കാരെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ